"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം കൊച്ചി നഗരസഭയിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ. ജയചന്ദ്രൻ. കെ. കെ. യ്ക്ക് പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1494/2022/LSGD തീയതി,തിരുവനന്തപുരം, 20-06-2022

പരാമർശം:-

1. 18.02.1997ലെ സ.ഉ.(പി) നം .45/97/ ആ.ക.വ
2. 02.11.2000ലെ സ.ഉ.(പി) നം .285/2000/ ആ.ക.വ
3. 20.11.2001ലെസ.ഉ.(പി) നം.298/2001/ആ.ക.വ
4. കൊച്ചി നഗരസഭയിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ. ജയചന്ദ്രൻ. കെ. കെ. സമർപ്പിച്ച 09.08.2021തീയതിയിലെ അപേക്ഷ
5. കൊച്ചി നഗരസഭാ കൗൺസിലിന്റെ 22.10.2021 തീയതിയിലെ 38-ാം നമ്പർ തീരുമാനം.
6. നഗരകാര്യഡയറക്ടറുടെ 01.04.2022 തീയതിയിലെ ഡിസി5-21980/21 നം. കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊച്ചിനഗരസഭയിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ജയചന്ദ്രൻ. കെ. കെ-യ്ക്ക്, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ Deep Brain Stimulation Surgery ചികിൽസയ്ക്കായി 13,00,000/-രൂപ (പതിമൂന്ന് ലക്ഷം രൂപ മാത്രം) പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൊച്ചി നഗരസഭാ കൗൺസിൽ ടി ചികിത്സയ്ക്ക് 13 ലക്ഷംരൂപ അഡ്വാൻസ് ഇനത്തിൽ അനുവദിക്കാൻ അംഗീകാരം നൽകിയ കൗൺസിൽ തീരുമാനം സഹിതം നഗരസഭാസെക്രട്ടറി ലഭ്യമാക്കിയതിൻപ്രകാരം, ആയത് അനുവദിക്കുന്നതിനായി നഗരകാര്യഡയറക്ടർ പരാമർശം 6പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകൾക്കും, ചുവടേചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ കൊച്ചിനഗരസഭയിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ജയചന്ദ്രൻ. കെ. കെ-യ്ക്ക്, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ Deep Brain

Stimulation Surgery ചികിൽസയ്ക്കായി 13,00,000/-രൂപ (പതിമൂന്ന് ലക്ഷം രൂപ മാത്രം) പലിശ രഹിത ചികിൽസാ വായ്പ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭാ സമിതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) ഇപ്രകാരം അനുവദിച്ച 13,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ. ജയചന്ദ്രൻ. കെ. കെ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്.

ii) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ മൂന്നു മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

iii) പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

iv) പലിശ രഹിത ചികിൽസാ വായ്പ അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയ്യതി, അപേക്ഷകന്റെ ജനനത്തീയതി, Permanent Employee Number എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

v) മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതലുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ.

vi) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ.(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. ജയചന്ദ്രൻ. കെ. കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, കൊച്ചി നഗരസഭ.(നഗരകാര്യ ഡയറക്ടർമുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനവകുപ്പ് (Vide U.O.No.No. 2095888/Loans -L3/205/2022-FIN dated 01.06.2022)
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (Vide U.O No. No. G2/656/2022/H&FWD dated 24.05.2022)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.